# പ്രബോധകനുണ്ടായിരിക്കേണ്ട അറിവ്

**എം.എം. അക്ബർ**

‘ഹലോ... അസ്സലാമു അലൈക്കും....’

‘വ അലൈക്കുമുസ്സലാം വ റഹ്മതുല്ലാഹി വ ബറകാതുഹു’.—

‘എം.എം. അക്ബറല്ലേ..?’

‘അതെ’.

‘നിച്ച് ഓഫ് ട്രൂത്ത് ഒരു പ്രബോധക കൂട്ടായ്മയല്ലേ.... അതിൽ പ്രവർത്തിക്കുന്നവരിൽ അധികവും സാധാരണക്കാരല്ലേ? (പണ്ഡിതൻമാരല്ലല്ലോ!)’.—

‘അതെ! സത്യമതപ്രബോധനം ഒരു ബാധ്യതയാണെന്ന് തിരിച്ചറിയുന്ന കുറെ സത്യവിശ്വാസികളാണ് നിച്ച് ഓഫ് ട്രൂത്ത് എന്ന ബാനറിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ പണ്ഡിതന്മാരും പാമരന്മാരുമെല്ലാം ഉണ്ട്’.

‘പണ്ഡിതന്മാരാണ് പ്രബോധനം ചെയ്യേണ്ടതെന്ന് പല മഹാന്മാരും പറഞ്ഞിട്ടുണ്ടല്ലോ. പണ്ഡിതന്മാരല്ലാത്തവർ പ്രബോധനം ചെയ്താൽ വമ്പിച്ച കുഴപ്പങ്ങളാണുണ്ടാവുകയെന്നും മഹാന്മാർ പറഞ്ഞിട്ടുണ്ട്. അപ്പോൾ നിങ്ങൾ ചെയ്യുന്നത് കുഴപ്പത്തിന് നേതൃത്വം വഹിക്കുകയല്ലേ?’

‘താങ്കൾ എന്ത് ചെയ്യുന്നു?’

‘പഠിക്കുന്നു’.

‘എന്തിന്’.

‘പി.ജിക്കാണ്’.

‘താങ്കൾ പണ്ഡിതനാണോ?’

‘അല്ല; അതുകൊണ്ടുതന്നെ ഞാനിപ്പോൾ ദഅ്വാ പ്രവർത്തനങ്ങളിലൊന്നും പങ്കെടുക്കാറില്ല’.

‘പിന്നെ എന്നെ വിളിച്ചതെന്തിനാണ്?’

‘അത്.... താങ്കളിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അക്രമമാണെന്ന് അറിയിക്കുവാൻ....’

‘ദഅ്വാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നത് അക്രമമാണെന്ന് എനിക്ക് പറഞ്ഞുതരാൻ പണ്ഡിതനല്ലാത്ത താങ്കൾക്ക് പാടുണ്ടോ?’

‘ഇതൊരു നസ്വീഹത്താണ്; ദഅ്വത്തല്ല’.

‘താങ്കൾക്ക് എന്നോട് ഗുണകാംക്ഷയുണ്ട്. ഞാൻ തെറ്റു ചെയ്ത് നരകത്തിൽ പോകുന്നതിൽ താങ്കൾക്ക് സങ്കടവും വേവലാതിയുമുണ്ട്. അതിനാൽ ഞാൻ ചെയ്തുകൊണ്ടിരിക്കുന്നതായി നിങ്ങൾ കരുതുന്ന തിന്മയായ ‘ദ അ്വത്ത്’ ചെയ്യുന്നതിൽനിന്ന് എന്നെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുകയാണ്...അല്ലേ...?’—

‘അതെ.... ഞാൻ നിങ്ങളെ ഏറെ ഇഷ്ടപ്പെടുന്നു....അതുകൊണ്ട്....’

‘സുഹൃത്തേ.... എനിക്ക് ചുറ്റുമുള്ള എന്റെ സഹോദരങ്ങൾ ശിർക്ക് ചെയ്തുകൊണ്ടിരിക്കുന്നു. ശിർക്ക് ചെയ്തുകൊണ്ടാണ് ഒരാളുടെ മരണമെങ്കിൽ അയാൾക്ക് നരകത്തിൽനിന്ന് മോചനമില്ലെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ആ സഹോദരങ്ങളോട് എനിക്ക് സ്നേഹമുണ്ട്. അവരെ ഞാൻ ഇഷ്ടപ്പെടുന്നു. അവർ നരകത്തിൽ പോകരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവർക്ക് നരകത്തിൽ നിന്ന് രക്ഷപ്പെടുവാനുള്ള വഴി എനിക്കറിയാവുന്ന വിധത്തിൽ ഞാൻ പറഞ്ഞു കൊടുക്കുന്നു. ദഅ്വത്ത് നടത്താൻ പാടില്ലെന്ന് പ്രചരിപ്പിക്കുവാൻ നിങ്ങൾക്ക് പാണ്ഡിത്യത്തിൻെറ അകമ്പടി ആവശ്യമില്ലെങ്കിൽ അല്ലാഹു മാത്രമാണ് ആരാധ്യൻ എന്ന് പ്രചരിപ്പിക്കുവാൻ എനിക്കും അഗാധമായ പാണ്ഡിത്യമൊന്നും വേണമെന്നില്ലല്ലോ. മുമ്പ് പ്രബോധന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു താങ്കൾ എന്നു പറഞ്ഞല്ലോ. അന്ന് നിങ്ങൾ പ്രബോധനം ചെയ്തത് ‘ലാ ഇലാഹ ഇല്ലല്ലാ’യുടെ സന്ദേശമായിരുന്നു. ഇന്നും നിങ്ങൾ സജീവമാണ്. ‘ദഅ്വത്ത് പാടില്ല’യെന്ന പ്രബോധനത്തിനാണ് ഇപ്പോൾ സമയം വിനിയോഗിക്കുന്നതെന്ന് മാത്രം’.

‘അപ്പോൾ പിന്നെ, ദഅ്വത്ത് നടത്തേണ്ടത് പണ്ഡിതന്മാരാണെന്ന് മഹാന്മാരായ പലരും പറഞ്ഞിട്ടുണ്ടല്ലോ...? അത്...!’

‘അതെ! ദഅ്വത്ത് നടത്തേണ്ടത് വിവരമുള്ളവരാണ്. സംശയമൊന്നുമില്ല. താൻ പറയുന്ന കാര്യം ഖുർആനും സുന്നത്തും പഠിപ്പിച്ചതുതന്നെയാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രമെ ഒരു മുസ്ലിം അത് പ്രബോധനം ചെയ്യാവൂ. ഓരോരുത്തർക്കും തോന്നിയതെല്ലാം മതത്തിന്റെ പേരിൽ പഠിപ്പിക്കുകയല്ല ചെയ്യേണ്ടത്. താൻ പറയുന്ന കാര്യം പ്രമാണബദ്ധമാണോയെന്ന് കൃത്യമായി ഉറപ്പ് വരുത്തണം. ദൃഢബോധ്യമുള്ള (ബസ്വീറത്ത്) കാര്യങ്ങളെ പറയാവൂ. മഹാപണ്ഡിതന്മാർ പറയേണ്ട കാര്യങ്ങൾ അവർ തന്നെയാണ് പറയേണ്ടത്. എന്നാൽ സർവശക്തൻ മാത്രമാണ് ആരാധ്യനെന്ന വസ്തുത ഏത് മുസ്ലിമിനാണ് അറിയാത്തത്? അല്ലാഹുവിന്റെ മാത്രം ആരാധ്യതയിൽ ദൃഢബോധമില്ലാത്തവൻ മുസ്ലിമാകുമോ? ഓരോരുത്തർക്കും ദൃഢമായ ജ്ഞാനമുള്ള കാര്യങ്ങൾ മാത്രമാണ് ഓരോരുത്തരും പ്രബോധനം ചെയ്യേണ്ടത്. ഇതാണ് പണ്ഡിതന്മാർ പറഞ്ഞത്. അല്ലാതെ മഹാപണ്ഡിതന്മാർ മാത്രമെ ദഅ്വത്ത് നടത്താവൂയെന്ന് ഒരു മഹാപണ്ഡിതനും പറഞ്ഞിട്ടില്ല’.

‘അപ്പോൾ ദഅ്വത്തിന് ഇൽമ് വേണമെന്ന് നിങ്ങളും സമ്മതിക്കുന്നു....?’

‘എന്താണ് സംശയം? ദഅ്വത്തിന് അറിവ് അത്യാവശ്യമാണ്. താൻ പറയുന്നത് ഖുർആനും സുന്നത്തും പറഞ്ഞുതരുന്നത് തന്നെയാണെന്ന അറിവ്. ഈ അറിവ് ദഅ്വത്തിന് മാത്രമല്ല വേണ്ടത്. മുസ്ലിമാകുവാൻ തന്നെ ഇൽമ് വേണം. അല്ലാഹുവിലുള്ള വിശ്വാസമാണ് ഒന്നാമത്തെ വിശ്വാസകാര്യം. അല്ലാഹു ആരെന്നും എങ്ങനെയുള്ളവനെന്നും അറിയാത്തവൻ അല്ലാഹുവിൽ വിശ്വസിക്കുന്നതെങ്ങനെ? മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അന്ത്യനാളിലും ദൈവവിധിയിലുമെല്ലാമുള്ള വിശ്വാസത്തിന്റെ സ്ഥിതിയും ഇതു തന്നെ. ശഹാദത്ത് എന്താണ് അർഥമാക്കുന്നതെന്നറിയാത്തവന് മുസ്ലിമാകാൻ കഴിയില്ല. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയെക്കുറിച്ചെല്ലാം അറിവുണ്ടായാലാണ് ഒരാൾക്ക് ഇവയെല്ലാം കളങ്കരഹിതവും പൂർണവുമായി ചെയ്യാനാവുക. ഇതേപോലെത്തന്നെയാണ് ദഅ്വത്ത്. താൻ എന്താണ് പറയുന്നതെന്ന് പൂർണബോധ്യം പ്രബോധകനുണ്ടാവണം. ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിലൂടെ തന്നെയാണോ തന്റെ സഞ്ചാരമെന്ന് അയാൾ എപ്പോഴും ആത്മവിചാരണ നടത്തിക്കൊണ്ടിരിക്കണം. തനിക്ക് അറിയാത്ത കാര്യങ്ങളെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അത് തനിക്കറിയില്ലെന്ന് പറയാനും അറിയാവുന്നവരിൽനിന്ന് ചോദിച്ച് പഠിക്കാനും അയാൾ സന്നദ്ധനാകണം. ഇതാണ് ദഅ്വത്തിന് അറിവും വിനയവും അനിവാര്യമാണെന്ന് പറയുന്നതുകൊണ്ടുള്ള വിവക്ഷ’.